**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗ വിഭാഗങ്ങളെ പ്രദർശനവസ്തുക്കളാക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളീയത്തിന്റെ ഭാഗമായി ലിവിങ് മ്യൂസിയം എന്ന പേരിൽ ഗോത്രവർഗ്ഗ വിഭാഗങ്ങളെ പ്രദർശനവസ്തുക്കളാക്കിയ സംഭവത്തിൽ കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ റിപ്പോർട്ട് തേടിയിരുന്നോ; വ്യക്തമാക്കുമോ; | (എ) | **ടി സംഭവത്തിൽ കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ പട്ടികവർഗ്ഗ വികസനവകുപ്പിനോട് റിപ്പോർട്ട് തേടിയിട്ടില്ല.** |
| (ബി) | പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **ടി സംഭവത്തിൽ കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ പട്ടികവർഗ്ഗ വികസനവകുപ്പിനോട് റിപ്പോർട്ട് തേടിയിട്ടില്ല.** |
| (സി) | ഗോത്രവർഗ്ഗ വിഭാഗങ്ങളെ അപമാനിച്ച ഈ സംഭവത്തെത്തുടർന്ന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ആയതിന് കാരണക്കാർ ആയവരിൽ നിന്നും വിശദീകരണം തേടുമോ? | (സി) | **ഈ സംഭവത്തെത്തുടർന്ന് ആരോപണവിധേയരായ കേരള ഫോക് ലോർ അക്കാദമിയിൽ നിന്നും പട്ടികവർഗ്ഗ വികസനവകുപ്പ് റിപ്പോർട്ട് തേടുകയും ചുവടെ പറയും പ്രകാരം വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**കേരളീയത്തിന്റെ ഭാഗമായി ഒരുക്കിയ ലിവിങ് മ്യൂസിയത്തിൽ അഞ്ച് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കലാപരിപാടികളാണ് ഒരുക്കിയിരുന്നത്. അതിൽ ഊരുകളും പതികളും സർപ്പക്കാവുകളും ഏറുമാടങ്ങളും കാവുകളും പണിയുകയും പടയണി, തെയ്യം, മുടിയേറ്റ്, പന്തക്കാളി, പൂതനം തിറയും എന്നീ കലാരൂപങ്ങളും ഊരാളി, മന്നാൻ, പളിയർ, മാവിലർ വിഭാഗങ്ങളുടെ കലാവതരണവുമാണ് ഒരുക്കിയിരുന്നത്. ആദിവാസി കുടിലുകളുടെയും ക്ഷേത്രങ്ങളുടെയും പരമ്പരാഗത പ്രോട്ടൈപ്പുകളുടെ പശ്ചാത്തലത്തിൽ ഗോത്രപരമ്പരാഗതകലാവതരണത്തിനായി ഒരു സ്വാഭാവിക പശ്ചാത്തലമായാണ് ഇത് ഉപയോഗിച്ചതെന്നും പട്ടികവർഗ്ഗ വിഭാഗങ്ങളെ പ്രദർശനവസ്തുവാക്കിയെന്ന ആരോപണം വസ്തുതാവിരുദ്ധമാണെന്നും ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ്** |

| | | | |
|---|---|---|---|
| | | | **ഈ പരിപാടി സംഘടിപ്പിച്ചതെന്നും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഫോക് ലോർ അക്കാദമി ഒരിക്കലും ആദിവാസി സമൂഹത്തിലെ ഒരു അംഗത്തിന്റേയും അന്തസ്സിന് കോട്ടം തട്ടുന്ന രീതിയിലുള്ള ഒരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്നും കേരള ഫോക് ലോർ അക്കാദമി അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ